## കുടുംബവിശേഷങ്ങൾ

### ചുമതലയേറ്റു

നമ്മുടെ ഇടവകാംഗമായ ശ്രീ. പി. ചാർളി സൈമൺ ബഹു. കേരള ഹൈക്കോടതിയുടെ ഡെപ്യൂട്ടി രജിസ്ട്രാറായി ചുമുതലയേറ്റു. കുന്നംകുളം പെങ്ങാമുക്ക് സ്വദേശിയായ അദ്ദേഹം പരേതനായ പുലിക്കോട്ടിൽ സൈമണിന്റേയും, സൂസന്നയുടേയും മകനാണ്. അഭിനന്ദനങ്ങൾ.

### മാമോദീസ

1. കട്ടപ്പുറത്ത് ഷിബുമാത്യു ജോണിന്റെയും ഡെയിസിയുടെയും മകൻ ഷാരോൺ ജോണിന്റെ മാമോദീസ ജൂലൈ 13-ന് കത്തീഡ്രലിൽ നടന്നു.
2. ഞാറക്കാട്ടിൽ അനിൽ പോളിന്റെയും ബിനിയുടെയും മകൾ മരിയയുടെ മാമോദീസ ജൂലൈ 14 ന് കത്തീഡ്രലിൽ നടന്നു.
3. കലൂർ ജെ.എം. കാസിലിൽ ബോറിസ് ജോണിന്റെയും ആൻസിയുടെയും മകൾ ആലീസിന്റെ മാമോദീസ ജൂലൈ 15 ന് നടന്നു.

### വിവാഹം



ലിസി റോഡ് മൂക്കഞ്ചേരിൽ ശ്രീ ജോൺ എം. കുര്യന്റെയും ശ്രീമതി സൂസന്റെയും മകൾ സൈറായും അയിരൂർ കുറുംതോട്ടത്തിൽ ശ്രീ കെ.സി. ചെറിയാന്റെയും ശ്രീമതി അന്നമ്മയുടെയും മകൻ അരുണും തമ്മിലുള്ള വിവാഹം 2007 ജൂലൈ 9 ന് പരുമല സെമിനാരി പള്ളിയിൽ നടന്നു.



ഓൾഡ് റെയിൽവെ സ്റ്റേഷൻ റോഡ് മനയത്ത് വീട്ടിൽ പരേതനായ എബ്രാഹാം ഫിലിപ്പിന്റെയും ശോശാമ്മയുടെയും മകൾ റിയായും, റാന്നി ചെത്തോംകര മാവേലിൽ ഡോ. ജേക്കബിന്റെയും ഓമനയുടെയും മകൻ മാത്യുവും തമ്മിലുള്ള വിവാഹം ജൂലൈ 16 ന് പരുമല സെമിനാരി പള്ളിയിൽ നടന്നു.



പുലിക്കോട്ടിൽ പി.യു. ചെറിയാന്റെയും ബീനയുടെയും മകൻ രവിൻ. പി. ചെറിയാനും, പീച്ചാനിക്കാട്ട് കൂരൻതാഴത്തു പറമ്പിൽ കെ.വി. ഏലിയാസിന്റെയും ശോഭയുടെയും മകൻ സിലുവും തമ്മിലുള്ള വിവാഹം ജൂലൈ 1 ന് സെന്റ് മേരീസ് കത്തീഡ്രലിൽ നടന്നു.

മാളിയേക്കൽ വീട്ടിൽ തങ്കച്ചന്റെയും റാഹേലമ്മയുടെയും മകൻ ജോർജ്ജും, തൊടുപുഴ നടുവിലെ കുറ്റാനിക്കൽ ജോസിന്റെയും മേരിക്കുട്ടിയുടെയും മകൾ അന്നയും തമ്മിലുള്ള വിവാഹം ജൂലൈ 15 ന് സെന്റ് മേരീസ് കത്തീഡ്രലിൽ നടന്നു.

Sponsored by : The Muthoot Group
A Muthoot M George Enterprise | Since 1887

### നിര്യാതരായി



വളഞ്ഞമ്പലം കണ്ണന്തോട്ടത്തു ലയിനിൽ അഡ്വക്കേറ്റ് മണ്ണഞ്ചേരി എം.പി. ഏബ്രഹാം (76) നിര്യാതനായി. ശവസംസ്ക്കാരം കണ്ടനാട് സെന്റ് മേരീസ് പള്ളിയിൽ നടത്തി.

അയ്യപ്പൻകാവ് അലക്കൻവീട്ടിൽ എ.വി. വർഗ്ഗീസ് (85) നിര്യാതനായി. എളംകുളം സെമിത്തേരിയിൽ സംസ്ക്കാരം നടത്തി.



കുറ്റിക്കാട്ടുവീട്ടിൽ പരേതനായ പത്രോസിന്റെ ഭാര്യ മാത്തിരി (86) നിര്യാതയായി. പരേത കുന്നംകുളം തെക്കേക്കര കുടുംബാംഗവും, മാനേജിംഗ് കമ്മിറ്റിയംഗം ഐപ്പ് പീറ്ററിന്റെ മാതാവുമാണ്. സംസ്ക്കാരം പഴഞ്ഞി സെന്റ് മേരീസ് പള്ളിയിൽ നടത്തി.

## Children's Corner

### *"Now those little feet never know….."*

*Taken away from warmth of my mother,*
*I felt the chilling water*
*It's holiness, soaking my forehead*
*There were people, looking at me*
*With delight or disgrace, whatever it be.*
*And that was the moment,*
*When I finally realized I was reborn,*
*And reborn for a cause?*
*That pleasant day finally came by*
*And I was struggling to get up on my feet*
*I kept my first steps, here and there*
*On to the soil, on to my motherland.*
*Was I hurting her? I never know.*
*Was she blessing me? On just cursing me?*
*Now those little feet never know*
*If one day they choke her to death*
*On one day, earn her moment's breath!*

***Anupa Anna Thomas***
*(D/o. Thomas Varghese, Member of Managing Committee)*

**സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി**

*സ്വർഗ്ഗം സ്വന്തമാക്കാൻ എന്താണു വഴി? എന്തെങ്കിലും കുറുക്കുവഴിയുണ്ടായിരുന്നെങ്കിൽ മനുഷ്യർ എന്നേ അതു വശത്താക്കുമായിരുന്നു. എന്നാൽ അങ്ങനെ ഒരു വഴിയില്ലെന്നതാണ് സത്യം ജീവിതകാലത്തെ സൽകർമ്മങ്ങൾ മാത്രമാണ് നമ്മുടെ സ്വർഗ്ഗയാത്രയ്ക്കുള്ള വഴി ഒരുക്കുന്നത്. ജീവിച്ചിരിക്കുമ്പോൾ കാട്ടുന്ന സ്നേഹം, കാരുണ്യം, ദയ, സഹാനുഭൂതി എന്നിവയൊക്കെ സ്വർഗ്ഗത്തിന്റെ അടയാളങ്ങളാണ്.*

**സമ്പാ: ജേക്കബ് സി. മാത്യു**

**Editorial Board** : P.T. John (98951 43625), Thomas John (93886 22449), K. K. George(94470 40484), Mammen Abraham (94473 68886) & Suma Mathew (98460 25711) **Printed at** : RJ Press, Kaloor
**Edited & Published by :** K.K. George for **St. Mary's Cathedral, Ernakulam. Phone : 0484-2352490, 2365827**
***For Private Circulation only***

**VOL : 1. ISSUE : 4** **AUGUST 2007**

## എഡിറ്റോറിയൽ

### ഒരുക്കത്തോടെ കുർബ്ബാനയിൽ സംബന്ധിക്കുക

നമ്മുടെ പല പള്ളികളിലും കുർബ്ബാന അവസാനിക്കുന്നതുവരെ ആളുകൾ ഇടവിട്ടിടവിട്ട് വന്നുകൊണ്ടേയിരിക്കും. എപ്പോഴെങ്കിലും പള്ളിയിൽ ചെല്ലണം അത്രമാത്രം. താമസിച്ചുവരുന്നവർ പള്ളിക്കുപുറത്ത് എവിടെയെങ്കിലും സ്ഥാനം പിടിക്കും. അല്ലെങ്കിൽ വാതിലുകളിൽ തിങ്ങിക്കൂടി നിൽക്കും. ആരാധനയിൽ ശ്രദ്ധചെലുത്തി നിൽക്കുന്നവരുടെ ഇടയിൽകൂടി നുഴഞ്ഞുകയറി അവരുടെ ദർശനം മറച്ചു നിൽക്കുന്നവരുമുണ്ട്. നിങ്ങൾ സമാധാനത്തോടെ പോകുക എന്നുപറയുമ്പോൾ എത്തിച്ചേരുന്നവരുടെ എണ്ണവും കുറവല്ല. ഇനിയും വോറൊരു കൂട്ടരുണ്ട്. അവർ വരുവാൻ താമസിച്ചാലും പോകുവാൻ താമസിക്കുകയില്ല. കുർബ്ബാന തീരുന്നതിനുമുമ്പ് സ്ഥലം വിടും. ഈ സ്ഥിതി മാറേണ്ടിയിരിക്കുന്നു.

ജിവനോടിരിക്കുന്നവരും മരിച്ചവരും ഒരുമിച്ച് കുർബ്ബാനയിൽ സംബന്ധിക്കുന്നു എന്നുള്ളതാണ് നമ്മുടെ വിശ്വാസം. വാങ്ങിപ്പോയവരുടെ ആത്മാക്കൾക്കുവേണ്ടിയാണ് ജനങ്ങൾ നിൽക്കുന്നതിന്റെ മദ്ധ്യഭാഗം ഒഴിച്ചിട്ടിരിക്കുന്നത്. അതുകൊണ്ട് പ്രധാന വാതിൽ അടഞ്ഞുനിൽക്കുന്നതും മദ്ധ്യഭാഗത്തു നിൽക്കുന്നതും സഭ അനുവദിച്ചിട്ടുള്ളതല്ല.

വി. കുർബ്ബാനയിൽ സംബന്ധിക്കുന്നതിന് ഒരുക്കം ആവശ്യമാണെന്നാണ് പിതാക്കന്മാർ പഠിപ്പിച്ചിട്ടുള്ളത്. ഈ ഒരുക്കം ശനിയാഴ്ച വൈകുന്നേരം മുതൽ തുടങ്ങണം. ധ്യാനത്തിനും മറ്റും അവസരം ലഭിക്കുന്നതിന്, ലൗകിക കാര്യങ്ങളിൽ നിന്നും, ചിന്തകളിൽ നിന്നും തലേദിവസം സന്ധ്യമുതൽ ഒഴിഞ്ഞിരിക്കണം. കഴിയുന്നിടത്തോളം മൗനം പാലിച്ച് ദൈവീക സംസർഗ്ഗത്തിലും, വേദപുസ്തക വായനയിലും മറ്റും ഏർപ്പെട്ടിരിക്കണം.

വി. കുർബ്ബാനയിൽ സംബന്ധിക്കുന്നതിന് മുമ്പായി ഭക്ഷണം കഴിച്ചുകൂടാത്തതാകുന്നു. വളരെ പ്രായമുള്ളവരേയും രോഗികളേയും ഇതിൽ നിന്ന് ഒഴിവാക്കാം. പഴയനിയമകാലത്തും ബലിയ്ക്കുമുമ്പ് ഭക്ഷണം കഴിക്കാതെ ഉപവസിക്കുമായിരുന്നു. കുളിച്ച് ശരീരം ശുദ്ധിയാക്കി ശുചിയായ വസ്ത്രം ധരിക്കേണ്ടതും ആവശ്യമാകുന്നു.

വി. കുർബ്ബാനയിൽ ആരംഭം മുതൽ അവസാനം വരേയും പങ്കെടുക്കണം. ഭക്തിപുരസ്സരം കുർബ്ബാനക്രമം നോക്കി ഗീതങ്ങളും പ്രതിവാക്യങ്ങളും എല്ലാവരും ചേർന്ന് അച്ചടക്കത്തോടുകൂടി ഓരേ രീതിയിൽ ചൊല്ലി നമുക്ക് വി. കുർബ്ബാന ഇമ്പകരവും, ഹൃദ്യവും, സ്വർഗ്ഗീയാനുഭൂതി ഉളവാക്കുന്നതുമാക്കിത്തീർക്കാം. കൃത്യസമയത്ത് കുർബ്ബാനയ്ക്ക് എത്തിച്ചേരുന്നത് നമുക്ക് ഒരു ശീലമാക്കാം.

## ഇടയ സന്ദേശം

### സ്നാപകയോഹന്നാന്റെ കാലിക പ്രസക്തി

യേശുതമ്പുരാന്റെ സമകാലികനും പുരോഹിതപുത്രനും പ്രവാചകനുമായ സ്നാപകയോഹന്നാന്റെ ജീവിതം സഭാമക്കളെ എന്നും പ്രചോദിപ്പിക്കുന്നതാണ്. ഉപഭോഗ സംസ്ക്കാരത്തിന്റെ സ്വാധീനത്തിലമർന്ന ഇന്നത്തെ സമൂഹം സ്നാപകന്റെ സൽഗുണങ്ങളെ സാക്ഷീകരിപ്പാൻ ഇടയാകട്ടെ.

മൂന്നു തലങ്ങളിൽ സ്നാപകന്റെ ജീവിതം നമ്മെ വെല്ലുവിളിക്കുന്നു. ഒന്നാമതായി, പ്രവാചക ദൗത്യത്തിന് മുമ്പ് മരുഭൂമിയിൽ ഒരുങ്ങുന്ന സ്നാപകൻ (വി. ലൂക്കോസ് 1.80) പുരോഹിത പുത്രനായ സ്നാപകയോഹന്നാൻ തനിക്കുണ്ടായിരുന്ന സുഖലോലുപതകളും പദവികളും വലിച്ചെറിഞ്ഞ് ഒട്ടകരോമം ധരിച്ച് വെട്ടുക്കിളിയും കാട്ടുതേനും ഭക്ഷിച്ച് മരുഭൂമിയിലെ ഏകാന്തതയിൽ ദൈവത്തോടുള്ള ബന്ധത്തിൽ ജീവിതത്തെ പക്വമാക്കുന്നു. ഈ പക്വമാക്കപ്പെടലിലൂടെയാണ് ക്രിസ്തുവിന്റെ മുന്നോടിയാകുവാൻ സ്നാപകയോഹന്നാന് കഴിഞ്ഞത്. നമ്മുടെ പ്രവർത്തന മണ്ഡലങ്ങളിൽ നിന്ന് ആർഭാടങ്ങളെയും സുഖലോലുപതയെയും ഒഴിവാക്കി ദൈവവുമായുള്ള വ്യക്തിബന്ധത്തിലൂടെ ജീവിതം ശോഭനമാക്കുവാൻ കഴിയട്ടെ.

രണ്ടാമതായി, അനീതിക്കെതിരെ ശക്തമായ ഭാഷയിൽ പ്രതികരിക്കുന്ന വ്യക്തിയായിട്ടാണ് സ്നാപകയോഹന്നാനെ ദർശിക്കുന്നത്. സമന്വയത്തിന്റെ വാക്കുകളൊന്നും അനീതിക്ക് നേർക്ക് യോഹന്നാന് ഇല്ലായിരുന്നു. രാജാവായാലും സൈനികനായാലും വൈദികനായാലും അവൈദികനായാലും തിന്മക്കെതിരെ സ്നാപകന്റെ വാക്കുകൾ തീഷ്ണമായിരുന്നു. (മത്തായി 3:10) അന്ധമായ ബാഹ്യാനുഷ്ഠാനങ്ങളുടെയും ദരിദ്രരെ ചൂഷണം ചെയ്ത് നേടുന്ന സ്ഥാനമാനങ്ങളുടെയും സമ്പാദ്യങ്ങളുടെയും ഉടമകളായ പരീശന്മാരെയും സാദൂക്യരെയും വരണ്യവർഗ്ഗത്തെയും സർപ്പസന്തതികളെന്ന് വിളിക്കുന്നു. മാനസാന്തരത്തിന് യോഗ്യമായ ഫലം കായ്പീൻ എന്ന് എല്ലാവരോടും പറയുന്നു. രാജാവ് തെറ്റ് ചെയ്തപ്പോൾ രൂക്ഷമായി വിമർശിച്ചു. ഈ തത്വനിഷ്ഠയുടെ വിലയായി സ്വന്തം ശിരസ് വെള്ളിത്താലത്തിൽ ദർബാറിൽ എത്തുകയും ചെയ്തു.

ഇന്നത്തെ സമൂഹത്തിൽ സ്വന്തം സ്ഥാനവും മാനവും സംരക്ഷിക്കാൻ തിന്മയെ ലാഘവപ്പെടുത്തിയും മയപ്പെടുത്തിയും മൃദുവാക്കിയും ആരെയും പിണക്കാതെ നിർത്തുന്ന ഭരണ തന്ത്രജ്ഞന്മാരുടെ മുമ്പിൽ സ്നാപക യോഹന്നാൻ വെല്ലുവിളി ഉയർത്തുന്നു.

മൂന്നാമതായി, തന്നേ തേടി എത്തിയവർക്ക് ക്രിസ്തുവിനെ കാണിച്ചുകൊടുക്കുന്ന യോഹന്നാൻ. ക്രിസ്തുവായി, ഏലിയാവായി യോഹന്നാനെ കണ്ടെത്തിയവർക്ക് മുമ്പിൽ ഞാൻ ക്രിസ്തുവല്ല പ്രവാചകനുമല്ല, എന്റെ പിന്നാലെ വരുന്നവന്റെ ചെരുപ്പിന്റെ വാറുകൾ അഴിപ്പാൻപോലും ഞാൻ യോഗ്യനല്ല

എന്ന് സമ്മതിക്കുന്നു. (സെന്റ് ജോൺ 1:20, 21, 27). ഇതാ ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് എന്നു പറഞ്ഞുകൊണ്ട് ക്രിസ്തുവിനെ പരിചയപ്പെടുത്തി ആ ക്രിസ്തുവിന്റെ അനുയായികൾ ആക്കി തന്റെ ശിഷ്യന്മാരെ മാറ്റുന്ന സ്നാപക യോഹന്നാന്റെ മാതൃക, ചെയ്തതിനപ്പുറം പത്രത്താളുകളിൽ അടിച്ചുനിരത്തിപ്പരത്തിക്കാണിച്ച് സ്വന്തം പ്രസക്തി വർദ്ധിപ്പിക്കുവാൻ ശ്രമിക്കുന്ന ഇന്നത്തെ രാഷ്ട്രീയ, സാമൂഹിക, അദ്ധ്യാത്മിക നേതൃത്വത്തിലുള്ളവർ ശ്രദ്ധിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു. 'ഞാനോ കുറയേണം അവനോ വളരേണം' എന്ന യോഹന്നാന്റെ വേദശാസ്ത്രം നമുക്ക് പ്രാവർത്തികമാക്കാം.

നിങ്ങളുടെ പാരീഷ് ന്യൂസിന് എല്ലാ നന്മകളും നേരുന്നു. ദൈവീക ബന്ധത്തിലൂടെ നിതിബോധത്തോടെ പ്രവർത്തിച്ച് ഈശ്വരനാമം മഹത്വപ്പെടുവാൻ നിങ്ങളുടെ പ്രവർത്തനം ഇടയാകട്ടെ എന്ന് ആശംസിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

മാവേലിക്കര
16-07-2007

**പൗലോസ് മാർ പക്കോമിയോസ്**
**മെത്രാപ്പോലിത്താ**

## പഠനക്കുറിപ്പുകൾ

### അൽത്താരയുടെ തിരശ്ശീല

പള്ളിമറ അഥവാ അൽത്താരയുടെ തിരശ്ശീല സ്വർഗ്ഗത്തിനും ഭൂമിയ്ക്കും ഇടയിലുള്ള ആകാശത്തെ സൂചിപ്പിക്കുന്നു. സ്വർഗ്ഗം ഭൂമിയിൽ നിന്ന് മറഞ്ഞിരിക്കുന്നതുപോലെ മദ്ബഹാ അഥവാ അതിവിശുദ്ധസ്ഥലം ഈ തിരശ്ശീലകൊണ്ട് പള്ളിയുടെ മറ്റുഭാഗങ്ങളിൽ നിന്ന് വേർതിരിച്ചിരിക്കുന്നു. ജനം മദ്ബഹായിക്കു പുറത്തും നമ്മുടെ കർത്താവിന്റെ പ്രതിനിധികളും, മാലാഖമാരും മദ്ബഹായിക്കകത്തും നിന്നുകൊണ്ട് ദൈവത്തെ ആരാധിക്കുന്നു. യേശുക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്ത് നമുക്കുവേണ്ടി മദ്ധ്യസ്ഥനായിരിക്കുന്നതുപോലെ പട്ടക്കാരൻ തിരശ്ശീലയുടെ മറുഭാഗത്തു നിന്നുകൊണ്ട് ജനത്തിനുവേണ്ടി മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നു. പട്ടക്കാരനും ജനങ്ങളും ഒരുമിച്ച് ആരാധന നടത്തുമ്പോൾ തിരശ്ശീല ഒരുവശത്തേയ്ക്ക് വലിച്ചിടുന്നു. അങ്ങനെ ആരാധനയ്ക്കായി സ്വർഗ്ഗവും ഭൂമിയും ഒന്നുചേരുന്നു.

സമ്പാ: **പി. റ്റി. ജോൺ**

## വികാരിയുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഈ മാസം നമുക്ക് സന്തോഷം, സമാധാനം എന്നിവയെക്കുറിച്ച് പ്രാർത്ഥനയോടെ ചിന്തിക്കാം.

സന്തോഷത്തിന്റെ അടിസ്ഥാനം പണമോ, പ്രശസ്തിയോ, അധികാരമോ, സ്ഥാനമാനങ്ങളോ ആയിരുന്നെങ്കിൽ പല പണക്കാരും, സിനിമാതാരങ്ങളും, ആത്മഹത്യ ചെയ്യില്ലായിരുന്നു. പ്രശസ്തരും, പ്രഗത്ഭരുമായ പലരും മദ്യത്തിലും അങ്ങിനെയുള്ള ലഹരിപദാർത്ഥങ്ങളിലും അഭയം കണ്ടെത്തുന്നതും തങ്ങളെത്തന്നെ നശിപ്പിക്കുന്നതും എന്തുകൊണ്ട്? ഇവിടെയാണ് യേശു പറയുന്നത് 'എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു അത് ലോകം തരുന്നതുപോലെയല്ല.' ലോകം തരുന്ന സന്തോഷം അല്പം നേരത്തേയ്ക്കു മാത്രമാണ്. എന്നാൽ യേശു തരുന്ന സമാധാനം നിത്യസമാധാനവും നിത്യസന്തോഷവുമാണ്.

ഒരിക്കൽ ഒരു മനഃശാസ്ത്രഞ്ജന്റെ അടുക്കലേയ്ക്ക് ഒരാൾ കടന്നുവന്നു പറഞ്ഞു. 'സർ എനിക്ക് ഒരു സന്തോഷമോ സമാധാനമോയില്ല. ഞാൻ ജീവിക്കാൻ ആഗ്രഹിക്കുന്നില്ല; കാരണം എനിക്ക് സന്തോഷമില്ല.' മനശാസ്ത്രഞ്ജൻ ആ മനുഷ്യനോട് പറഞ്ഞു. 'സുഹൃത്തെ, അടുത്ത പട്ടണത്തിൽ ഒരു സർക്കസ് നടക്കുന്നുണ്ട്. അതിൽ ഒരു കോമാളിയായ മനുഷ്യനുണ്ട് നിങ്ങൾ ആ സർക്കസ് ഒന്നു കാണാൻ പോകൂ, ആ കോമാളിയുടെ പ്രകടനം കണ്ടാൽ നിങ്ങൾ നിശ്ചയമായും സന്തോഷിക്കും.' ഡോക്ടറോട് ആ മനുഷ്യൻ പറഞ്ഞു. 'അങ്ങു പറഞ്ഞ സർക്കസിലെ കോമാളി ഞാനാണ്.' എത്ര വിചിത്രം!

പ്രിയമുള്ളവരെ, നമുക്ക് ആവശ്യമുള്ള സാധനങ്ങൾ വാങ്ങാൻ നാം സൂപ്പർമാർക്കറ്റിൽ ചെന്നാൽ പലതും വാങ്ങാൻ കഴിയും എന്നാൽ സമാധാനം വിൽക്കുന്ന ഒരു സൂപ്പർമാർക്കറ്റും ലോകത്തില്ല. ഇത് പണം കൊടുത്തു വാങ്ങാവുന്നതല്ല. കർത്താവായ യേശു മിശിഹാ ദാനം നൽകുന്നതാണ് നിത്യസമാധാനവും, നിത്യസന്തോഷവും. സങ്കീർത്തനക്കാരനായ ദാവീദ് പാടുന്നു 'ഞാൻ സമാധാനത്തോടെ കിടന്നുറങ്ങും; നീയല്ലോ യഹോവേ എന്നെ നിർഭയം വസിക്കുമാറാക്കുന്നത്' (സങ്കീ 4:8) യിസ്രായേലിന്റെ ഒന്നാമത്തെ രാജാവായ ശൗൽ, ദാവീദിനെ കൊല്ലുവാൻ പിൻതുടരുമ്പോൾ (1 ശമു 23:14-29 1 ശമു 24:1-7) രണ്ടുപേരും ഒരു ഗുഹയിൽ വിശ്രമിച്ചു. എന്നാൽ ദാവീദിനെ ശൗലിന്റെ കൈയിൽ ഏൽപ്പിക്കുവാൻ ദൈവം സമ്മതിച്ചില്ല. അതുകൊണ്ട് ദാവീദു പാടി. 'നീയല്ലോ യഹോവേ എന്നെ നിർഭയം വസിക്കുമാറാക്കുന്നത്.' യശയ്യാപ്രവാചകൻ പറയുന്നു (യശയ്യ 9:6) യേശുവിന്റെ പേര് സമാധാന പ്രഭു. സമാധാനത്തിന്റെ പ്രഭുവാണ് സമാധാനം നൽകുന്നത്. ശാലേം രാജാവായ മൽക്കീസേദെക്ക് രാജാക്കന്മാരെ ജയിച്ചുവന്ന അബ്രാമിനെ അനുഗ്രഹിച്ചു (ഉൽ.14:18) ശാലേം എന്നാൽ സമാധാനം. സമാധാനത്തിന്റെ രാജാവ് യേശുവല്ലയോ.

സ്വർഗ്ഗീയ മാലാഖമാർ യേശുവിന്റെ ജനനത്തിങ്കൽ പാടി 'അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം.' കാരണം, സമാധാന പ്രഭുവാണ്, സമാധാനത്തിന്റെ രാജാവാണ് ജനിക്കുന്നത്. കർത്താവായ യേശു തന്റെ പരസ്യശുശ്രൂഷയുടെ അവസാനഭാഗത്ത് പറയുന്നു. നിങ്ങൾക്ക് എന്നിൽ സമാധാനമുണ്ടാകേണ്ടതിന് ഇത് നിങ്ങളോടു സംസാരിക്കുന്നു (ജോൺ 16:33). കർത്താവിന്റെ മക്കളാണ് സമാധാനമുണ്ടാക്കുന്നവർ സമാധാനമുണ്ടാക്കുന്നവർ ഭാഗ്യവാൻമാർ അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളക്കപ്പെടും (മത്തായി 5:9). ഇങ്ങനെയുള്ളവരെ കരുതുന്ന ഒരു ദൈവമുണ്ട്. സകലബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളേയും നിനവുകളേയും ക്രിസ്തുയേശുവിൽ കാക്കും (ഫിലി 4:7). സമാധാനം പ്രാപിക്കുവാൻ എന്തുചെയ്യണം ? യെശയ്യാവു അതേക്കുറിച്ചുപറയുന്നു. യശയ്യാ 26:3) സ്ഥിരമാനസൻ നിന്നിൽ ആശ്രയം വെച്ചിരിക്കുന്നതുകൊണ്ട് നീ അവനെ പൂർണ്ണ സമാധാനത്തിൽ കാക്കുന്നു. ദൈവത്തെ സ്ഥിരമായി ആശ്രയിക്കുന്നവനു മാത്രമേ പൂർണ്ണ സമാധാനം പ്രാപിക്കുവാൻ കഴിയുകയുള്ളു. ആകയാൽ ഇരു മനസ്സുള്ളവൻ തന്റെ പ്രവർത്തിയിൽ അസ്ഥിരനായിരിക്കും. ദൈവാശ്രയത്തോടെ ജീവിക്കാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് നിർത്തട്ടെ.

നിങ്ങളുടെ **ഇടമ്പാടത്തച്ചൻ**

*പള്ളിക്കു കൊടുപ്പാനുള്ള നെല്ല് ഒരിക്കലും നാഴി നെല്ലു കുടിശ്ശിക ആക്കരുത്. പള്ളിവഴക്കിൽ പ്രവേശിച്ചു തങ്ങളുടെ നിമിത്തം ഒരു പ്രകാരവും പള്ളിക്കു ദോഷം പറ്റുവാൻ ഇടയാക്കരുത്-* പരി. പരുമല തിരുമേനി

## ധ്യാനനിമിഷങ്ങൾ

### പ്രഭാതജാഗരണം

ഓരോ ദിവസവും നാം എപ്രകാരം ആരംഭിക്കുന്നു എന്നത് വളരെ പ്രാധാനമാണ്. ആ ദിവസത്തെ പ്രവർത്തന വിജയം അതിലടങ്ങിയിരിക്കുന്നു. ആചാര്യന്മാർ അനുശാസിക്കുന്ന ഒന്നാണ് പ്രഭാതജാഗരണം. സൂര്യോദയത്തിനു മുമ്പേ ഉണർന്ന് ദിവസത്തിന്റെ ആദ്യത്തെ അരമണിക്കൂർ സമയം ഈശ്വരസന്നിധിയിൽ ചെലവിടുക. ആ സമയത്ത് പ്രകൃതിമുഴുവൻ പ്രശാന്തമാണ്. മഞ്ഞുകണങ്ങൾക്കൊണ്ട് തരുലതാദികൾ പുളകമണിയുന്നു; പുതുപുഷ്പങ്ങൾ വിരിഞ്ഞ് നറുമണം പരത്തുന്നു; നിദ്രയിൽ കഴിഞ്ഞ ജീവജാലങ്ങൾ ക്രമേണ ഉണർന്ന് ചൈതന്യമാർജ്ജിക്കുന്നു. അപ്രകാരമുള്ള ഉണർവിന്റെയും ഉന്മേഷത്തിന്റെയും പ്രഭാതയാമം ഈശ്വര സമക്ഷം ചെലവിടാൻ ഏറ്റവും അനുയോജ്യമായ സമയം തന്നെ. ജീവിതത്തിന്റെ തിരക്കുകളും ഒച്ചപ്പാടുകളും കടന്നുവന്ന് മനസ്സിനെ അലങ്കോലപ്പെടുത്തുന്നതിന് മുമ്പുള്ള ആ പ്രഭാത നിമിഷങ്ങൾ ഈശ്വരചിന്തയ്ക്കും ആ ദിവസത്തെ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും ഉചിതമായ സമയമാണ്.

ഫ്രാങ്ക് ബുക്ക്മാൻ എന്ന ഇംഗ്ലീഷ്കാരൻ രൂപം കൊടുത്തതും ഒരുകാലത്തു പാശ്ചാത്യ സമൂഹങ്ങളിൽ വളരെയേറെ പ്രചാരവും സ്വാധീനവും നേടിയിരുന്നതുമായ ധാർമ്മികപുനരായുധീകരണ പ്രസ്ഥാനത്തിന്റെ (Moral Rearmament - MRA) അംഗങ്ങൾ കർശനമായി പാലിക്കേണ്ട ഒരു ജീവിത നിയമമായിരുന്നു പ്രഭാതജാഗരണം. പതിനഞ്ചു മിനിറ്റ് ഈശ്വര സമക്ഷമിരുന്ന് ഓരോ ദിവസത്തെയും കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കുകയും അവയുടെ അനുഗ്രഹത്തിനായി ഈശ്വരനോട് അപേക്ഷിക്കുകയും വേണം. അപ്രകാരം മാർഗ്ഗനിർദ്ദേശം ലഭിച്ചുകൊണ്ട് പ്രവർത്തനങ്ങളാരംഭിക്കണമെന്നായിരുന്നു അവരുടെ പ്രമാണം.

ഇന്നത്തെ ജീവിതശൈലി പ്രഭാതജാഗരണത്തിനു സഹായകമല്ല. നിശാക്ലബുകളും, രാപ്പടങ്ങളും അതുപോലുള്ള മറ്റുപരിപാടികളും വൈകിയുറങ്ങുവാനും വൈകിയുണരുവാനും പ്രേരിപ്പിക്കുന്നവയാണ്. അപ്പോൾ പ്രഭാതജാഗരണം അസാദ്ധ്യമായിത്തീരുന്നു.

നമ്മുടെ പുലർകാലത്തിന്റെ ആദ്യനിമിഷങ്ങൾ സ്വർഗ്ഗീയ പിതാവുമായുള്ള കൂടിക്കാഴ്ചയ്ക്കായി നിശ്ചയിക്കപ്പെട്ട സമയമായി കരുതണം. ഉന്നതനായ ഒരു വ്യക്തിയുമായി ഒരു അഭിമുഖം (appointment) നാം സമ്മതിക്കുകയോ നിശ്ചയിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ നാമൊരിക്കലും അതു തെറ്റിക്കാതെ എല്ലാം കൃത്യമായി പാലിക്കാൻ ഉത്സാഹിക്കും.അതുപോലുള്ള ഒന്നായി പുലർകാല ജാഗരണത്തെ കരുതണം.

**ഫാ. റ്റി. ജെ. ജോഷ്വ**

## ഓർമ്മയിൽനിന്ന്

ഏകദേശം നാൽപതു വർഷം മുമ്പ് ഒരു എട്ടുനോമ്പു പെരുന്നാൾ ദിവസം. (അന്നൊക്കെ സെന്റ് മേരീസിൽ എട്ടു നോമ്പുവീടലിനുമാത്രമാണ് പെരുന്നാളാഘോഷിച്ചിരുന്നത്).

കുർബ്ബാന കഴിഞ്ഞ് റാസയ്ക്ക് കൊടിയും മരക്കുരിശും എടുത്തിറങ്ങിയപ്പോൾ പള്ളിയിലെ പ്രധാന രണ്ടംഗങ്ങൾ തമ്മിൽ വാശിയേറിയ വാക്കുതർക്കമുണ്ടായി. തർക്കം മറ്റൊന്നുമായിരുന്നില്ല; റാസയ്ക്ക് ഏറ്റവും മുമ്പിൽ പിടിക്കേണ്ടത് കൊടിയാണോ അതോ മരക്കുരിശാണോ. ഇതായിരുന്നു തർക്കവിഷയം.

ജോസഫച്ചൻ (കാലം ചെയ്ത പക്കോമിയോസ് തിരുമേനി) ആയിരുന്നു അന്നത്തെ വികാരി. അച്ചൻ പള്ളിയിൽ നിന്ന് ഇറങ്ങിവരുമ്പോഴും ആളുകൾ റാസയ്ക്കുള്ള ക്രമീകരണങ്ങൾ മുഴുവനാക്കാതെ തർക്കിച്ചുകൊണ്ടു നിൽക്കുകയായിരുന്നു.

തർക്കം തീർക്കാൻ ജോസഫച്ചന്റെ ഇടപെടൽ വേണ്ടിവന്നു. ശിരച്ഛേദം ചെയ്ത യോഹന്നാൻ സ്നാപകനെയാണ് കൊടി സൂചിപ്പിക്കുന്നത്. അതുകൊണ്ടാണ് കൊടിക്ക് തലഭാഗം ഇല്ലാത്തത്. യോഹന്നാൻ സ്നാപകൻ യേശുവിന്റെ മുന്നോടിയായി വന്നു. സ്നാപകനു ശേഷം വന്ന യേശുക്രിസ്തുവിന്റെ അടയാളമാണ് കുരിശ്. അതുകൊണ്ട് ആദ്യം വന്ന യോഹന്നാൻ സ്നാപകന്റെ ഓർമ്മയായി കൊടി മുമ്പിലും, പിൻപേ വന്ന യേശുക്രിസ്തുവിന്റെ ഓർമ്മയായ കുരിശു തൊട്ടുപിൻപിലും പിടിച്ചുകൊണ്ട് ഇടവകാംഗങ്ങൾ റാസായിൽ സംബന്ധിക്കണമെന്നായിരുന്നു അച്ചന്റെ തീർപ്പാക്കൽ.

**സി.എം. ചാക്കുണ്ണി**

## ഇടവകയ്ക്കുവേണ്ടിയുള്ള പ്രാർത്ഥന

കർത്താവെ - ഞങ്ങളുടെ ഇടവകപള്ളിയേയും ഇതിലെ പട്ടക്കാരെയും ആത്മീയ പ്രവർത്തകരേയും (കർത്താവെ ഞങ്ങൾ ഉൾപ്പെട്ടുനിൽക്കുന്ന ഓരോ ഇടവകയിലേയും) എല്ലാ കുടുംബങ്ങളെയും - അതിലെ നിന്റെ മക്കൾ എല്ലാവരേയും - അവിടുന്ന് കാത്തുക്കൊള്ളണമേ - ഉത്തമ മാതാപിതാക്കന്മാരും - സത്യസ്നേഹമുള്ള ദമ്പതികളും - നിന്റെ ഇഷ്ടം പ്രവർത്തിക്കുന്ന മക്കളും ആയിത്തീരുവാൻ എല്ലാ കുടുംബങ്ങളേയും നീ അനുഗ്രഹിക്കണമേ - അവരുടെ ഇടം കൈയും, വലം കൈയും ചെയ്യുന്ന - എല്ലാ നല്ല പ്രവർത്തികളെയും നീ അനുഗ്രഹിക്കണമേ - ഉണർവിലും ഉറക്കത്തിലും - നിന്റെ ഇഷ്ടം ചെയ്യുവാനുള്ള ആഗ്രഹം അവർക്കു നൽകണമേ - കർത്താവേ - ഇടവാകാംഗങ്ങളായി വിവിധ തുറകളിലും വിവിധ സ്ഥലങ്ങളിലും - ജനസേവനം ചെയ്യുന്ന ഡോക്ടർമാർ, നേഴ്സുമാർ, അഭിഭാഷകർ, എൻജീനിയർമാർ, അദ്ധ്യാപകർ - വിവിധ സ്ഥാപനങ്ങളിലും ഫാക്ടറികളിലും ജോലി ചെയ്യുന്നവർ തുടങ്ങിയ എല്ലാവരെയും അവിടുന്ന് അനുഗ്രഹിക്കുകയും - പ്രതികൂല സാഹചര്യങ്ങളിൽ പോലും - നിന്റെ ഇഷ്ടം മാത്രം പ്രവർത്തിപ്പാൻ അവരെ ശക്തിപ്പെടുത്തുകയും ചെയ്യണമെ. കർത്താവേ, ജീവിതം കൊണ്ടും പ്രവർത്തികൊണ്ടും നിന്റെ നല്ല സാക്ഷ്യം വഹിക്കുന്നവരായി ഞങ്ങളെ ആക്കിത്തീർക്കണമെ. കർത്താവെ - ഞങ്ങൾ നിന്നെ മാത്രം ആരാധിക്കുന്നവരും, നിന്റെ തിരുശരീര രക്തങ്ങൾ അനുഭവിച്ച് ശക്തിയാർജ്ജിക്കുന്നവരും നിന്റെ ഇഷ്ടത്തിന് അനുസരണമായി നന്മപ്രവർത്തിക്കുന്നവരുമായി തീരുമാറാകണമെ.

ഞങ്ങൾ ഇടവക മുഴുവനായും നിനക്കും നിന്റെ ഏകപുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രംവും സമർപ്പിക്കുമാറാകണമെ. - ആമീൻ

**(മാത്യൂസ് മാർ ബർന്നബാസ് തിരുമേനിയുടെ പ്രാർത്ഥന സഹായിയിൽ നിന്ന്)**

## സഭാവിശേഷ ദിവസങ്ങൾ

**ഓഗസ്റ്റ് 6 തിങ്കൾ :** മറുരൂപ പെരുന്നാൾ, പെരുന്നാട് അലക്സിയോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ ഓർമ്മ.

**ഓഗസ്റ്റ് 14 ചൊവ്വ :** 6 മണിക്ക് സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം പ്രസംഗം, പ്രഭാഷണം.

**ഓഗസ്റ്റ് 15 ബുധൻ :** പതിനഞ്ചുനോമ്പു വീടൽ. വിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോഹണ പെരുന്നാൾ

**ഓഗസ്റ്റ് 19 ഞായർ :** ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പൊലീത്തായുടെ ഓർമ്മ

**സെപ്തംബർ 1 ശനി :** എട്ടുനോമ്പാരംഭം. 1 മുതൽ 8 വരെ എല്ലാ ദിവസവും രാവിലെ കുർബ്ബാനയും 6, 7 തീയതികളിൽ 6 മണിക്ക് സന്ധ്യാ പ്രാർത്ഥനയും, തുടർന്ന് പ്രസംഗവും.